# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T 179 22.03.2012 ൽ മറുപടിക്ക്**

## കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം

| **ചോദ്യം**<br>ശ്രീമതി. കെ.എസ്.സലീഖ:<br>ശ്രീ.എ.കെ.ബാലൻ:<br>ശ്രീ.രാജു എബ്രഹാം : | **മറുപടി**<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
|---|---|
| (എ) മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതിന് പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്ന് ഇതുവരെയുണ്ടായ ഇടപെടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി)<br>കേരളത്തിലെ ജനങ്ങളുടെ സുരക്ഷയെ കണക്കിലെടുത്ത് 'കേരളത്തിന് പുതിയ ഡാം, തമിഴ്നാടിന് ജലലഭ്യത' എന്ന നിലപാടിൽ സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും കേന്ദ്ര ജലവിഭവ മന്ത്രിയുമായും ചർച്ച നടത്തിയിരുന്നു. കൂടാതെ സംസ്ഥാന മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ എന്നിവർ കേരളത്തിന്റെ ആവശ്യം വിവിധ ചർച്ചകളിലൂടെയും കൂടിക്കാഴ്ചകളിലൂടെയും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. |
| (ബി) 'കേരളത്തിനു സുരക്ഷ തമിഴ്നാടിന് ജലം' എന്ന കേരളത്തിന്റെ വിശാലമായ കാഴ്ചപ്പാടിനോട് കേന്ദ്രത്തിന്റെ അഭിപ്രായം എന്താണ് ; | |
| (സി) പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ ഇതിനകം എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) ഇരുസംസ്ഥാനങ്ങളും സഹകരിച്ച് പ്രശ്നം ഒത്തു തീർക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് |

സെക്ഷൻ ഓഫീസർ